**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
**17 August 2018**
**(05 Dhul-Hijjah 1439 AH)**

# "HAJJ & VISIT TO MEDINA".
## ഹജ്ജ് നിർവഹണവും മദീന സന്ദർശനവും

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം ***ഹജ്ജ് നിർവഹണവും മദീന സന്ദർശനവും*** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഹജ്ജ് കർമ്മം സ്മരണയിൽ വരുമ്പോൾ, ഇബ്രഹീം(അ)ന്റെ ത്യാഗവും സ്മരണയിൽ വരുന്നതാണ്. പരിശുദ്ധ പ്രവാചകൻ (സ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഒരു മൃഗത്തെ ബലി അർപ്പിക്കുവാൻ നിങ്ങളിൽ ആരെങ്കിലും ഉദ്ദേശിക്കുകയാണെങ്കിൽ, നിങ്ങൾ ദുൽഹിജ്ജ് മാസത്തിൽ പ്രവേശിക്കുകയും ചെയ്താൽ (ദുൽഹിജ്ജ് മാസം 1-10 തീയതി മുതൽ) തലമുടി മുറിക്കുകയോ, നഖം മുറിക്കുകയോ ചെയ്യരുത്, ബലിഅർപ്പണം നിർവ്വഹിക്കന്നതുവരെ (മുസ്ലിം)

ആയതിനാൽ ദുൽഹിജ്ജ് മാസം 1-ാം തീയതി മുതൽ, മൃഗത്തെ ബലി അർപ്പിക്കുവാൻ ഉദ്ദേശിക്കുന്നവർ തങ്ങളുടെ മുടി മുറിക്കുവാൻ പാടില്ല എന്ന് ശുപാർശ ചെയ്യപ്പെട്ടിരിക്കുന്നു. ദുൽഹിജ്ജ് മാസത്തിന്റെ രാവുകളും പകലുകളും അനുഗ്രഹപ്രദങ്ങളാണ്. ആയതിനാൽ, പ്രസ്തുത ദിനങ്ങളിൽ പരമാവധി ദിവസങ്ങളിലും, വ്രതാനുഷ്ഠാനാത്തിലും നല്ല കാര്യങ്ങൾ ചെയ്യുന്നതിലും വ്യാവൃതമാവുക. സംശയത്തിലും, ദുഷിച്ച കൂട്ടുകെട്ടിലും, വൃഥാ സംസാരത്തിലും അകപ്പെടരുത്, ഇവയൊക്കെ സാത്താന്റെ പ്രവർത്തികളാണ്. ഇത്തരം ആളുകളോടൊപ്പം അല്ലാഹുവും അവന്റെ മലക്കുകളും സഹവസിക്കില്ല. മുതിർന്നവരെ ആദരിക്കുക, അവരെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുക. അല്ലാഹുവിനോട് ദുആ ചെയ്തു

കൊണ്ടിരിക്കുക, ദൈവസ്മരണയിൽ കഴിഞ്ഞുകൂടുക. ഖുർആൻ പാരായണത്തിൽ ഏർപ്പെടുക, നിങ്ങൾ സ്വയം നന്നായിതീരാൻ ശ്രമിക്കുക, ചീത്ത പ്രവർത്തിയിൽ നിന്നും ദൂരം പാലിക്കുക. ചീത്തകാര്യങ്ങളുടെ സ്ഥാനത്ത് നല്ല കാര്യങ്ങൾ സ്ഥാപിക്കുക. അങ്ങനെയായാൽ നിങ്ങൾക്ക് അല്ലാഹുവിനെ സ്നേഹിക്കുവാൻ സാധിക്കുന്നതാണ്. അല്ലാഹു(ത) നിങ്ങളിൽ സന്തുഷ്ടനായിതീരുകയും ചെയ്യുന്നതാണ്. സർവ്വശക്തനായ അല്ലാഹു തന്നെയാണ്, എല്ലാ വസ്തുക്കളെയും അവനാണ് സൃഷ്ടിച്ചതും. നമ്മുടെ പ്രാർത്ഥനകളും നമ്മുടെ പ്രവർത്തനങ്ങളും അവനാവശ്യമില്ല. അക്കാര്യം അവൻ വിശുദ്ധഖുർആനിൽ വ്യക്തമായും നമ്മോട് പറയുന്നുണ്ട്. സമസ്ത മനുഷ്യർക്കും വേണ്ടി സ്ഥാപിക്കപ്പെട്ട പ്രഥമ മന്ദിരം മക്കയിലുള്ളത് തന്നെയാണ്. (അത്) അനുഗൃഹീതവും സർവ്വലോകർക്കുമുള്ള മാർഗദർശക കേന്ദ്രവുമത്രെ. അതിൽ വ്യക്തമായ ദൃഷ്ടാന്തങ്ങളുണ്ട്. ഇബ്റാഹീമിന്റെ നമസ്ക്കാര സ്ഥാനമാണ്. അതിൽ ആരെങ്കിലും പ്രവേശിച്ചാൽ അവൻ നിർഭയനായി. അതിലേക്ക് പോകാൻ കഴിവുള്ള എല്ലാ മനുഷ്യർക്കും പ്രസ്തുത മന്ദിരത്തിൽ ചെന്ന് ഹജ്ജ് നിർവ്വഹിക്കേണ്ടത് അല്ലാഹുവിനോടുള്ള കടമയാണ്. ഇനി ആരെങ്കിലും നിഷേധിക്കുന്നതായാൽ നിശ്ചയമായും അല്ലാഹു ലോകത്തിൽ ആരുടെയും യാതൊരുവിധ ആശ്രയവുമില്ലാത്തവനാണ് (എന്ന് മനസ്സിലാക്കിക്കൊള്ളട്ടെ) (3:97,98)

മറ്റു പല വചനങ്ങളിലൂടെയും പ്രസ്തുത ആശയം മാനവകുലത്തോട് വ്യക്തമായും വിവരിച്ചിട്ടുണ്ട്. അതായത് അല്ലാഹുവിന് സൃഷ്ടികളുടെയും സൃഷ്ടികളുടെ യാതൊരു വിധ പ്രാർത്ഥകളുടെയും ആവശ്യമില്ലാ എന്ന് ! ഇക്കാര്യം ഒരു ഖുദ്സിയായ ഹദീസിലൂടെയും ആവർത്തിച്ചു പറഞ്ഞിരിക്കുന്നു. അതിൽ അല്ലാഹു(ത) പറയുന്നു. അല്ലെയോ എന്റെ ദാസന്മാരെ നിങ്ങൾക്ക് എന്നെ ഉപദ്രവിക്കുവാൻ കഴിയില്ല. അങ്ങനെ കഴിയുമെങ്കിൽ ചെയ്തു നോക്കൂ. അല്ലെയോ എന്റെ ദാസരെ ജിന്നിൽ നിന്നും മനുഷ്യരിൽ നിന്നുമുള്ള എത്രവലിയ സ്വാതികാനായാലും ശരി എന്റെ സാമ്രാജ്യത്തിൽ തരിമ്പും വർദ്ധനവു വരുത്തുവാൻ സാധ്യമല്ല. ജിന്നിൽ നിന്നും മനുഷ്യരിൽ നിന്നുമുള്ള എത്ര വലിയ ധിക്കാരി ആയാലും എന്റെ സാമ്രാജ്യത്തിൽ തരിമ്പും കുറവു വരുത്തുവാനും കഴിയില്ല. എന്റെ ദാസന്മാരെ! ജിന്നുവർഗത്തിൽ നിന്നും മനുഷ്യവർഗത്തിൽ നിന്നുമുള്ള മുഴുവൻ പേരും എന്നോട് അർത്ഥന നടത്തിയാലും ഞാൻ അവർക്കെല്ലാം അവരുടെ അർത്ഥനയ്ക്ക് പ്രതിഫലം നല്കിയാലും എനിക്കുള്ളതിൽ ഒരു

കുറവും വരുത്തുവാൻ കഴിയുകയില്ല. സമുദ്രത്തിൽ ഒരു സൂചി ഇട്ടിട്ട് എടുത്താൽ എന്തു കുറവു വരുത്തുമോ അതുപോലയല്ലാതെ (മുസ്ലിം തിർമിദി ഇബ്ദു മാജ)

ഇസ്ലാം സ്ഥാപിച്ചിട്ടുള്ള ഉത്തവാദിത്വങ്ങൾ, അതുപോലെ ഇസ്ലാം സ്ഥാപിച്ചിട്ടുള്ള നിരോധനങ്ങൾ എല്ലാം തന്നെ അല്ലാഹു(ത) യുടെ അറിവിന്റെയും ബുദ്ധിയുടെയും അടിസ്ഥാനത്തിലുള്ളതാകുന്നു. മനുഷ്യപ്രകൃതിയുമായി അത് സമ്പൂർണ്ണമായി ഐക്യത്തിൽ ചേർന്നു പോകുന്നതുമാകുന്നു. മനുഷ്യനെ അവനാണ് സൃഷ്ടിച്ചത്. ഈ ലോകത്തിലുള്ള മനുഷ്യന്റെ ലക്ഷ്യവും സന്ദേശവും രൂപകല്പന ചെയ്തത് അവൻ തന്നെയാണ്. അതുകൊണ്ട് തന്നെ അവൻ തന്നെയാണ് പാരിത്രിക ലോകത്ത് അതിനുള്ള പ്രതിഫലം നല്കുന്നതും. കടുകുമണിയോളം അളവിൽ നന്മ ചെയ്യാൻ പറഞ്ഞതും, ചെയ്യരുത് എന്ന് പറഞ്ഞതും മനുഷ്യസമുദായത്തിന്റെ നന്മയ്ക്കും പ്രയോജത്തിനും വേണ്ടിയാണ്.

നമ്മുടെ മനസ്സിൽ ഒരിക്കൽ ഇത് വ്യക്തമായി കഴിഞ്ഞാൽ അതായത് ഹജ്ജ് കർമ്മം ഇസ്ലാമിലെ ഒരു സ്തംഭമാണ് എന്ന്! കാരണം അത് വ്യക്തമായും വിവരിക്കുന്നു. മാനവന്റ ആത്മീയമായും, മാനസികമായും, ശാരീരികമായും മാത്രമല്ല സാമ്പത്തികമായും മാനവ സമുദായത്തിന് മൊത്തത്തിൽ, ഒരു സമൂഹമെന്ന നിലയിൽ പ്രയോജനകരമാണ് എന്ന്!

പ്രാർത്ഥനകളും, ഇസ്ലാമിലെ ഭക്തിരൂപങ്ങളും ഭൗതികമായും ആത്മീയമായും നേരിട്ടുള്ള ഒരു ബന്ധമാണുള്ളത് എന്ന് താഴെ പറയുന്ന വചനങ്ങളിലൂടെ മനസ്സിലാക്കാം. നിങ്ങളുടെ നാഥനോട് നിങ്ങൾ പാപമോചനത്തിനായി അർത്ഥിക്കുകയും അവങ്കലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുക എന്നും അത് അനുശാസിക്കുന്നു. ഒരു നിശ്ചിത അവധി വരെ നിങ്ങൾക്ക് അവൻ നല്ല സുഖസൗകര്യങ്ങൾ നല്കുകയും അർഹിക്കുന്ന യോഗ്യതയുള്ള എല്ലാ ഓരോരുത്തർക്കും അവൻ തന്റെ അനുഗ്രഹം പ്രദാനം ചെയ്യുകയും ചെയ്യുന്നതാണ്. (11:14)

എന്റെ ജനമെ, നിങ്ങൾ നിങ്ങളുടെ നാഥനോട് പാപമോചനത്തിനായി അർത്ഥിക്കുക, എന്നിട്ട് അവങ്കലേക്ക് മടങ്ങുക. അവൻ നിങ്ങൾക്ക് സമൃദ്ധമായി മഴ വർഷിക്കുന്ന മേഘങ്ങളെ അയച്ചു തരുന്നതാണ്. നിങ്ങളുടെ ശക്തിയോടൊപ്പം നിങ്ങൾക്കവൻ ശക്തിവർദ്ധിപ്പിച്ചു തരുകയും ചെയ്യും. നിങ്ങൾ കുറ്റവാളികളായി പിന്തിരിഞ്ഞു പോകരുത് (11:53)

പരിശുദ്ധ പ്രവാചകൻ(സ)യുടെ തിരുവചനത്തിൽ പറഞ്ഞിരിക്കു

ന്നു. "ഒരാൾ നിരന്തരം അല്ലാഹുവിനോട് പാപമോചനത്തിനായി അർത്ഥിച്ചു കൊണ്ടിരുന്നാൽ, അല്ലാഹു(ത) അവന്റെ പ്രയാസങ്ങളിൽ നിന്നുള്ള മോചനത്തിനായി ഒരു വഴി തുറക്കുന്നതാണ്, എല്ലാവിധ ഉത്കണ്ഠകളിൽ നിന്നും ആശ്വാസമേകുന്നതുമാണ്. അവൻ പ്രതീക്ഷിക്കാത്ത വഴികളിലൂടെ അവന് ആഹാരം നല്കുന്നതുമാണ്" (അബൂദാവൂദ്, ഇബ്നുമാജ) പ്രസ്തുത ഹദീസിനെ സാക്ഷീകരിച്ചുകൊണ്ട് വിശുദ്ധഖുർആനിലും അല്ലാഹു(ത) പറഞ്ഞിരിക്കുന്നു. ഹജ്ജും ഉംറയും ഒന്നിനു പുറകെ മറ്റൊന്നായി നിർവഹിക്കുക, അത് ദാരിദ്ര്യവും പാപവും നീക്കം ചെയ്യുന്നതാണ്. ഇരുമ്പിൽ നിന്നും ഉല തുരുമ്പ് നീക്കം ചെയ്യുന്നതുപോലെ (അന്നസാഈ)

## ഹജ്ജിന്റെ പ്രയോജനങ്ങൾ

ഇസ്ലാമിന്റെ 5-ാം മത്തെ സ്തംഭമായ ഹജ്ജിനെപറ്റി പരിശുദ്ധ പ്രവാചകൻ(സ) മൊഴിഞ്ഞു. "അല്ലാഹുവിന്റെ തൃപ്തിക്കായി ആരാണോ ഹജ്ജ് കർമ്മം നിറവേറ്റുന്നത്, തന്റെ ഭാര്യയുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടാതിരിക്കുകയും ചെയ്യുന്നത്, തെറ്റുകളൊന്നും ചെയ്യാതിരിക്കുന്നത് അഥവാ പാപങ്ങളൊന്നും ചെയ്യാതിരിക്കുന്നത് അവൻ ഹജ്ജിൽ നിന്നും മടങ്ങുന്നത് പാപരഹിതനായിട്ടായിരിക്കും, ഒരു പുതിയ ജന്മം പോലെ" (ബുഖാരി)

മുൻകഴിഞ്ഞ ഉംറയ്ക്കും, ഇപ്പോൾ പുതിയതായി ചെയ്ത ഉംറയ്ക്കും ഇടയിൽ ചെയ്ത തെറ്റുകുറ്റങ്ങൾക്ക് പാപനിവൃത്തിയാണ് ഉംറ പൂർത്തിയാക്കൽ. സ്വീകാര്യയോഗ്യമായ ഹജ്ജിന്റെ പ്രതിഫലം സ്വർഗമല്ലാതെ മറ്റൊന്നുമല്ല (ബുഖാരി) പറയപ്പെട്ട രണ്ടു ഹദീസുകളിലും നമ്മുടെ പ്രവാചകൻ (സ) ഊന്നിപ്പറഞ്ഞ കാര്യം നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്, ഹജ്ജിന്റെ പ്രയോജനങ്ങൾ ആസ്വദിക്കുവാൻ നമ്മുടെ മുൻപിൽ വച്ച വ്യവസ്ഥകൾ ഇതാണ്. ഭാര്യയിൽ നിന്നും ലൈംഗികാസ്വദനത്തിൽ നിന്നും പിൻമാറുക, അതോടൊപ്പം മറ്റു തെറ്റുകളൊന്നു ചെയ്യാതിരിക്കുക.

## സ്വീകാര്യയോഗ്യമായ ഹജ്ജ്

ആയതിനാൽ ഹജ്ജ് വേളയിൽ തെറ്റു ചെയ്യാതിരിക്കുവാൻ നാം ജാഗ്രതയുള്ളവരായിരിക്കണം. പരിശുദ്ധ പ്രവാചകൻ(സ) മുന്നോട്ടു വച്ച പ്രധാന വ്യവസ്ഥ അതാണ്. ഹജ്ജ് കർമ്മത്തിന്റെ പ്രതിഫലങ്ങൾ ആർജ്ജിക്കുവാനുള്ള വഴി അതുതന്നെയാണ് ഇൻശാ അല്ലാഹ്.

## മദീനാ ശരീഫിലേക്കുള്ള സന്ദർശനം

നിങ്ങൾ ഹജ്ജും ഉംറയും നിർവ്വഹിക്കുവാനായി പോകുമ്പോൾ പരിശുദ്ധ പ്രവാചകൻ(സ)ന്റെ മദീനാ നഗരം കാണുവാനുള്ള അവസരം ഉപയോഗപ്പെടുത്തേണ്ടതാണ്. അതായത് മദീനത്തുൽ മുനവ്വറ.

പരിശുദ്ധ പ്രവാചകൻ(സ)യുടെ നഗരമായ മദീന മക്കയുടെ വടക്കു ഭാഗത്തായി ഏകദേശം 600 കിലോമാറ്റർ ദൂരത്തിലായി സ്ഥിതി ചെയ്യുന്നു. പരിശുദ്ധപ്രവാചകൻ (സ) മക്കയിൽ നിന്ന് മദീനയിലേക്ക് പലായനം ചെയ്തു കുടിയേറി പാർത്ത നഗരമാകുന്നു മദീന. ഈ പലായനത്തോടെയാണ് ഹിജ്റ വർഷാരംഭം ഉണ്ടാകുന്നത്. അൽഹിജ്ജ് എന്നാൽ കുടിയേറി പാർക്കൽ എന്നാണർത്ഥം.

സാർവ്വദേശീയമായി ഈ നഗരത്തെ അറിയപ്പെടുന്നത് മദീനത്തുൽ മുനവ്വറ എന്നാകുന്നു. പ്രകാശങ്ങളുടെ നഗരം. എന്തുകൊണ്ടെന്നാൽ പരിശുദ്ധപ്രവാചകൻ (സ) സ്വയം തന്നെ പ്രകാശമാകുന്നു? അവിടെ നിന്നാണ് ഈ പ്രകാശവും, മാർഗദർശനവും മാനവരാശിക്ക് ആകമാനം പ്രബോധിച്ചത്. വിശ്വാസികൾക്ക് അല്ലാഹു(ത) നല്കുന്ന ഏറ്റവും മഹത്തായ അനുഗ്രഹങ്ങളിൽ ഒന്നാണ് ഈ സ്ഥലം സന്ദർശിക്കുക എന്നത്. കാരണം മസ്ജിദുന്നബവി (പ്രവാചകന്റെ പള്ളി) അവിടെയാണ് മാനവകുലത്തിന്റെ പ്രഥമ ആരാധന കേന്ദ്രമായ കഅ്ബാ ശരീഫിന് ശേഷമുള്ള ഏറ്റവും പരിപാപനമായ പള്ളിയാണ് മസ്ജിദുഅബവി.

ഹജ്ജ് കർമ്മം പൂർത്തിയാക്കിയ ശേഷം, ആരാണോ തന്റെ യജമാനരുടെ പള്ളിയും ഖബ്റും സന്ദർശിക്കുവാൻ ആഗ്രഹിക്കുന്നത്, ഒരല്പം പോലും ശിർക്ക് കൈമുതലാക്കാതെ, അല്ലാഹുവിന്റെ ദൂതനായി ദുആ ചെയ്യുവാനുള്ള അദമ്യമായ ആഗ്രഹം വെച്ചു പുലർത്തുന്നത്, അവർക്ക്, അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന റൗദ: മുബാറക്കിൽ, പോകുവാനും ദുആ ചെയ്യുവാനുമുള്ള അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. ഒരാൾക്ക് ഊഹിക്കുവാൻ കഴിയുന്നതിനുമപ്പുറമുള്ള വളരെ വലിയ പ്രതിഫലമാണ് ഇതിനായി ഒരുക്കിവെച്ചിരിക്കുന്നത്.

പരിശുദ്ധപ്രവാചകൻ മുഹമ്മദ് (സ) യുടെ ഒരു ഹദീസിൻ പ്രകാരം, മദീന പള്ളിയെകുറിച്ച്, ഹസ്രത് അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ദൈവദൂതൻ(സ) പറഞ്ഞു. മറ്റൊരു പള്ളിയിൽ ആയിരം പ്രാവശ്യം നമസ്ക്കുരിക്കുന്നതിനേക്കാൾ ശ്രേഷ്ഠതരമാണ് എന്റെ പള്ളിയിൽ, ഒരു നേരം നമസ്ക്കരിക്കുന്നത്, കഅ്ബ ശരീഫ് ഒഴികെ (ബുഖാരി, മുസ്ലിം)

പരിശുദ്ധപ്രവാചകൻ(സ) പറഞ്ഞു എന്റെ മിമ്പറിനും വീടിനും ഇടയിലുള്ള സ്ഥലം സ്വർഗത്തിൽ നിന്നുള്ള ആരാമങ്ങളിൽ നിന്നുള്ള ഒരു ആരാമമാകുന്നു. (ബുഖാരി മുസ്ലിം) ഈ സ്ഥലത്തെ റൗദത്തുൽ ജന്ന എന്ന പേരിൽ അറിയപ്പെടുന്നു.

പരിശുദ്ധപ്രവാചകൻ(സ) പറഞ്ഞു ആരാണോ ഹജ്ജ് കർമ്മം പൂർത്തികരിച്ച ശേഷം എന്റെ മരണശേഷം എന്റെ ശവകുടീരം സന്ദർശിക്കുവാൻ വരുന്നത്, അവൻ ഞാൻ ജീവിച്ചിരുന്നപ്പോൾ എന്നെ സന്ദർശിക്കുവാൻ വന്നവനെ പോലെയാകുന്നു. (ബൈഹഖി, ത്വബറാനി)

എന്റെ വിനീതമായ അഭിപ്രായത്തിൽ നബി(സ) യുടെ മേൽ സ്വലാത്ത് ചൊല്ലുന്നത് ഓരോ വ്യക്തിയും അധികരിപ്പിക്കേണ്ടതാണ്. അതിനായി പ്രത്യേക പരിശ്രമം നടത്തേണ്ടതാണ്. എത്ര കൂടുതൽ സ്വലാത്ത് ചൊല്ലുന്നുവോ അത്ര കണ്ട് കൂടുതൽ പ്രയോജനം ആർജ്ജിക്കുന്നതാണ്. നമുക്ക് നമ്മുടെ പ്രവാചകൻ മുഹമ്മദ്(സ) നോടുള്ള സ്നേഹം വർദ്ധിക്കുന്നതാണ്. ഹജ്ജ് അഥവാ ഉംറ നിർവ്വഹിക്കുന്നവർക്കായി മാത്രം നീക്കി വെച്ചിട്ടുള്ളതല്ല നബി(സ)യുടെ മേലുള്ള സ്വലാത്ത് പ്രസ്തുത സ്വലാത്ത് എല്ലാ വിശ്വാസികൾക്കുമായി ജീവിതത്തിലുടെ നീളം ചൊല്ലുവാനായി നീക്കിവെച്ചിരിക്കുകയാണ്. എന്നാൽ ഹജ്ജ് വേളയിൽ, നിങ്ങൾക്ക് എത്ര കൂടുതൽ സ്വലാത്ത് ചൊല്ലുവാൻ കഴിയുമോ അത്രത്തോളം കൂടുതലായി ചൊല്ലുക. ഹജ്ജ് കർമ്മത്തിന് മുൻപോ പിൻപോ ഉംറ നിർവ്വഹണത്തിനു മുൻപോ പിൻപോ മദീന സന്ദർശിക്കുന്നവൻ ഇത് കൂടുതലായി ചൊല്ലട്ടെ.

നിങ്ങൾ മദീന ശരീഫിനോടടുക്കുമ്പോൾ, നിങ്ങൾ അങ്ങേഅറ്റം ആദരവോടെ ഇത് ചെയ്യുക, അങ്ങേഅറ്റം വിനയത്തോടെയുമായിരിക്കട്ടെ, നിങ്ങൾ ചോദ്യങ്ങൾ ചോദിക്കരുത്, നിങ്ങളുടെ ശബ്ദം അത്യുച്ചത്തിലാക്കരുത്, നിങ്ങളുടെ സഹോദരന്മാർക്ക് അഥവാ സഹോദരിമാർക്ക് ബുദ്ധിമുണ്ടാക്കരുത്. നിങ്ങൾക്ക് ഈ അനുഗൃഹീത നഗരത്തെ കുറഞ്ഞത് ആദരിക്കുക എങ്കിലും ചെയ്യുക. ലോകത്തിലെ അറ്റവും അനുഗൃഹിതമായ, പരിപാപനമായ സ്ഥലത്തെ സന്ദർശനത്തെ നഷ്ടപ്പെടുത്തിക്കളയരുത്. നിങ്ങൾക്ക് കഴിയുന്നിടത്തോളം നബി(സ) യുടെ മേൽ സ്വലാത്ത് ചൊല്ലുക. മസ്ജിദുത്തബവിയിൽ വലതുകാൽ വെച്ച് പ്രവേശിക്കുക. എന്നിട്ട് റിയാദുൽ ജന്നയിലേക്ക് പോവുക. റൗദയ്ക്കും പ്രവാചകൻ മുഹമ്മദ്(സ) യുടെ മിമ്പറിനും ഇടയിലുള്ള സ്ഥലത്താണത്. എന്നിട്ട് രണ്ട്റക്കഅത്ത് തഹി

യ്യത്തുൽ മസ്ജിദ് (പള്ളിയിൽ പ്രവേശിക്കുമ്പോഴുള്ള പ്രാർത്ഥന) നിർവ്വഹിക്കുക. ഈ മഹത്തായ ഭാഗ്യം നല്കിയതിന് നിങ്ങൾ അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുക.

സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ, നബി(സ) യുടെ റൗദ ശരീഫിന് അടുത്തേക്ക് നീങ്ങിക്കൊണ്ടിരിക്കുക, എന്നിട്ട് അല്പം വലതു ഭാഗത്തേക്ക് നീങ്ങുക, എന്നിട്ട് ഇസ്ലാമിലെ പ്രഥമ ഖലീഫ ഹസ്രത് അബു ബക്കർ(റ) ന് വേണ്ടി പ്രാർത്ഥിക്കുക. എന്നിട്ട് രണ്ടാം ഖലീഫയായ ഹസ്രത് ഉമർ(റ) നു വേണ്ടി ദുആ ചെയ്യുക. പരിശുദ്ധനഗരമായ മദീന യിൽ തങ്ങുമ്പോൾ നിങ്ങൾ ഇതാണ് ചെയ്യേണ്ടത്.

മദീന ശരീഫ് സന്ദർശനവേളയിൽ, പല സ്ഥാനങ്ങളും പദവികളും മുണ്ട്, ചരിത്രപ്രാധാന്യമുള്ള അനേകം സ്ഥലങ്ങൾ സന്ദർശിക്കുവാനുണ്ട്. ഇസ്ലാമിന്റെ പ്രാരംഭകാലത്തുണ്ടായ അനേകം സ്ഥലങ്ങളും സംഭവങ്ങളും അവിടവിടെയായി അടയാളപ്പെടുത്തപ്പെട്ടിട്ടുണ്ട്, അത്തരം ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളാണ്.

**1. ജന്നത്തുൽ ബാക്കീ**
**2. മസ്ജിദ് ഖുബാ**
**3. മസ്ജിദ് ഖിബ്‌ലത്തയ്ൻ**
**4. മസ്ജിദ് ജും ആ**
**5. മസ്ജിദ് ഗമാമ**
**6. മസ്ജിദ് അലി**
**7. മസ്ജിദ് ഉമർ**

ജനത്തുൽ ബാക്കി ഖബർസ്ഥാൻ പരിശുദ്ധ പ്രവാചകൻ(സ) യുടെ അനേകം അനുചരന്മാരെ മറവ് ചെയ്യപ്പെട്ട സ്ഥാനമാണ്, സ്ഥലമാണ്. ഉദാഹരണത്തിന് ഇസ്ലാമിലെ 3-ാം ഖലീഫയായ ഹസ്രത് ഉസ്മാൻ(റ) റസൂൽ (സ) യുടെ പിതൃസഹോദരനായ ഹസ്രത് അബ്ബാസ്(റ), ഉമ്മൂൽ മുഅ്മിനീൻ ആയ ഹസ്രത് ആയിശാ(റ) നബി(സ)യുടെ പ്രീയ പുത്രിയായ ഹസ്രത് ബീബി ഫാത്വിമ(റ) തുടങ്ങിയവർ

ഈ അനുഗൃഹീത ഹജ്ജ് വേളയിൽ, എല്ലാ ഹാജിമാർക്കുമായി ഞാൻ പ്രാർത്ഥിക്കുന്നു. അവരുടെ ഹജ്ജ് കർമ്മം അല്ലാഹു(ത) സ്വീകരിക്കട്ടെ! അവർക്ക് അല്ലാഹു മാപ്പ് ചെയ്യട്ടെ! ഈ അനുഗൃഹീത സമയത്ത് അവരിൽ നല്ല സംസ്ക്കരണവും വിശ്വാസവുമുണ്ടാകാൻ ഉൾവിളി ഉണ്ടാകട്ടെ! അവരുടെ ജീവിതം അല്ലാഹുവിന്റെ തൃപ്തിക്കായി ജീവിക്കുവാൻ ഇടയാകട്ടെ. അല്ലാഹുവിന്റെ തൃപ്തിയിൽ തന്നെ അവരുടെ മരണവും

ഉണ്ടാകട്ടെ. ആമീൻ. ഇസ്ലാമിലെ 5-ാംമത്തെ സ്തംഭത്തിന്റെ പൂർത്തീകര ണത്തിനായിരിക്കട്ടെ അവരുടെ ഈ യാത്ര. അത് ദൈവീക കാരുണ്യത്താൽ നിറയപ്പെടട്ടെ, അവന്റെ അടയാളങ്ങളും ദൃഷ്ടാന്തങ്ങളും തിരിച്ചരിയുവാനും അംഗീകരിക്കുവാനും അവർക്കും അവരുടെ അനന്തര തലമുറയ്ക്കും അ ല്ലാഹു(ത) നല്ല നിലയിൽ ബോധനം നല്കട്ടെ ഇൻശാ അല്ലാഹ് ആമീൻ

ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ വിപത്തുകൾ ബാധിച്ച എല്ലാവർക്കും ഞാൻ പ്രാർത്ഥിക്കുന്നു. അതു ഭൂമികുലുക്കത്താ ലും, വെള്ളപ്പൊക്കത്താലും, മണ്ണിടിച്ചിൽ മൂലവും, മറ്റു അപകടങ്ങളാലും ആകട്ടെ! ഒരു ദൈവദൂതൻ എന്ന നിലയിൽ, നിങ്ങളെ ഇത് അറിയി ക്കേണ്ടത്, എന്റെ ഉത്തരവാദിത്വമാണ്, ഇത്തരം വിപത്തുകൾ വർദ്ധിച്ചു കൊണ്ടേയിരിക്കുന്നതാണ്. ജനങ്ങൾ അവരുടെ ജീവിതം നല്ലതിലേക്ക് തിരിച്ചു വിടുവോളം. ദൈവത്തിന്റെ ഏകത്വത്തെ അവർ തിരിച്ചറിയണം. അവരുടെ തന്നെ ജീവിതത്തിന്റെ താളം അവർ വീണ്ടെടുക്കേണ്ടതുണ്ട്.; അവരുടെ പരിതസ്ഥിതിയിൽ; സമൂഹത്തിൽ ലോകത്ത് മൊത്തത്തിൽ!

സൗത്ത് ഇൻഡ്യയിലെ കേരളത്തിൽ 2018 ആഗസ്റ്റ് ആദ്യവാരം മുതൽ അതിശക്തമായ മഴ വർഷിച്ചുകൊണ്ടിരിക്കുകയാണ്. വളരെ ദൗർഭാ ഗ്യകരമായ ഒരവസ്ഥയാണ്. അതിശക്തമായ വെള്ളപ്പൊക്കമാണ്. 1924ന് ശേഷം ഇത്രഭീകരമായ ഒരു വെള്ളപ്പൊക്ക ദുരിതം ഉണ്ടായിട്ടില്ല. ഇപ്പോൾ തന്നെ 100 കണക്കിന് മരണങ്ങൾ സംഭവിച്ചു കഴിഞ്ഞു. മാനവകുലത്തിന്റെ നേരെ ദൈവം കരുണയോടെ തിരിയാനായി പ്രാർത്ഥിക്കാം. കേരളത്തിലെ അവന്റെ ദാസന്മാരുടെ മേലും! ഞാൻ എന്റെ അനുചരന്മാരോട് ആവശ്യ പ്പെടുകയാണ്. ഈ പ്രയാസ സന്ദർഭത്തിൽ നമ്മുടെ സഹോദരങ്ങളെ സഹാ യിക്കാനായി, നമ്മുടെ സഹസഹോദരന്മാരെ നമുക്ക് നല്ല നിലയിൽ പരി ഗണിക്കാം, ആദരിക്കാം, മാനവസേവനത്തിനായി ഒന്നായി ഒരുമയോടെ നമുക്ക് പ്രവർത്തിക്കാം. ദൈവ പ്രീതിക്കായി! ഇൻശാ അല്ലാഹ് ആമീൻ.

**Translated & Issued By :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**